കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനുള്ള പദ്ധതികൾ

*18 [46] *ശ്രീ. തോമസ് ചാഴികാടൻ:*

,, *റോഷി അഗസ്റ്റിൻ:*

,, *കെ. നാരായണക്കുറുപ്പ്:* താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് ദീർഘകാല അടിസ്ഥാനത്തിൽ പദ്ധതികൾ ആവിഷ്ക്കരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി *(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ):*

ഉണ്ട്. വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

വെള്ളക്കരത്തിന് സ്പോട്ട് ബിൽ സംവിധാനം

*19 [47] *ശ്രീ. തനിമനൂർ രവി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റി സ്പോട്ട് ബിൽ സമ്പ്രദായത്തിൽ വെള്ളക്കരത്തിനുള്ള ബിൽ നൽകുന്ന സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് ഏതെല്ലാം ജില്ലകളിലാണ് ഏർപ്പെടുത്തിയിരിക്കുന്നത്;

(സി) ഈ സംവിധാനം സംസ്ഥാനം മുഴുവൻ വ്യാപിപ്പിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ?

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി *(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ):*

(എ) **ഉണ്ട്.**

(ബി) തിരുവനന്തപുരം ജില്ലയിലെ പി.റ്റി.പി. നഗർ സബ് ഡിവിഷന്റെയും വെള്ളയമ്പലത്തെ സെൻട്രൽ സബ് ഡിവിഷന്റെയും കീഴിലുള്ള തെരഞ്ഞെടുക്കപ്പെട്ട മേഖലകളിൽ സ്പോട്ട് ബില്ലിംഗ് സമ്പ്രദായം ഏർപ്പെടുത്തിയിട്ടുണ്ട്.

(സി) സ്പോട്ട് ബില്ലിംഗ് സമ്പ്രദായം സംസ്ഥാനത്തെ നഗര പ്രദേശങ്ങളിലും സാങ്കേതികമായി നടപ്പിലാക്കാൻ സാദ്ധ്യതയുള്ള ഗ്രാമപ്രദേശങ്ങളിലും ഘട്ടം ഘട്ടമായി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്.

---

† അനുബന്ധം III

LIBRARY ARCHIVES Kerala Legislative Assembly